



ഹൈന്ദവരേ ! ക്രൈസ്തവരേ !
മുസ്ലീം സഹോദരരേ !
ഇന്ത്യയിലീയിന്ത്യയിൽ നാം
ബന്ധുജനങ്ങളാം
തൊഴിലെടുത്തു പുലരുന്നോർ
പുലരി കണ്ണിൽ പൂവിടുന്നോർ
നിരനിരയായ് വരി വരിയായ്
നീങ്ങുകയായി

പടയണിപ്പാട്ടുകൾ

ഇയ്യങ്കോട് ശ്രീധരൻ




പടയണിപ്പാട്ടുകൾ

കവിതകളും ഗാനങ്ങളും

രചന :

ഇയ്യങ്കോട് ശ്രീധരൻ



പ്രസാധനം : യുവചേതന

കൊല്ലങ്കോട്, പാലക്കാട്ട്

അച്ചടി

ഭൂത് പബ്ലിക്കേഷൻസ്

പാലക്കാട്ട്.

വില ഒരു രൂപ

ഒരു സംഘഗാനം

*

ചുവരെഴുത്തുകൾ

*

ചുവരെഴുത്തുകൾ ചുറ്റും ചുവരെഴുത്തുകൾ
ചുടുചോരച്ചാലുകളാം ചുവരെഴുത്തുകൾ
ചുടലത്തീനാളമായ ചുവരെഴുത്തുകൾ

പട്ടിണിയിൽ രോഗത്തിൽ
ദുരിത മഹാസാഗരത്തിൽ-
പ്പെട്ടു മഹാ ഭൂരിപക്ഷം മുങ്ങിടുന്നേരം
അഴിമതിയാൽ ദുർഭരണ-
ക്കെടുതികളാൽ ജനകോടികൾ
അവമതികൾ ഏറ്റുവാങ്ങി കേണിടുന്നേരം

ചുവരെഴുത്തുകൾ എത്ര ചുവരെഴുത്തുകൾ
നരകത്തിൻ നിറമാന്ന ചുവരെഴുത്തുകൾ
മരണത്തിൻ മുഖമാന്ന ചുവരെഴുത്തുകൾ

ഹരിത മനോഹാരിതകൾ
വിടരുന്ന മലനാടിൻ
പെരുവഴിയിൽ കുരുതികൾ തൻകുഴികളൊരുക്കാൻ
വിവിധമത വിശ്വാസിക-
ളൊരുമകളിൽപ്പുലരുന്ന
മധുരിമയിൽ വിഷമയമാം കണ്ണുനിറക്കാൻ

ചുവരെഴുത്തുകൾ വീണ്ടും ചുവരെഴുത്തുകൾ
ചുടുചോരച്ചാലുകളാം ചുവരെഴുത്തുകൾ
ചുടലത്തീനാളമായ ചുവരെഴുത്തുകൾ

പണിചെയ്യാൻ വിരുതുള്ള
തരുണന്മാരതുനേടാൻ
പടയണിയായ് തെരുവുകളിൽ നീങ്ങിടുന്നേരം
വനമില്ല മഴയില്ല
കർഷകരാം ഗ്രാമീണ—
ജനമിന്നും പട്ടിണിയിൽപ്പിടയുന്നേരം

ചുവരെഴുത്തുകൾ ചുററും ചുവരെഴുത്തുകൾ
നരകത്തിൻ നിറമാർന്ന ചുവരെഴുത്തുകൾ
മരണത്തിൽ മുഖമാർന്ന ചുവരെഴുത്തുകൾ

ക്രൈസ്തവരേ, ഉണരുണരൂ
ഒരു കൂട്ടർ അലറുമ്പോൾ
ഹൈന്ദവരേ, സംഘടിക്കൂ
മററൊരു കൂട്ടർ

ഇസ്ലാമിക മല്ലാത്തതെല്ലാം പോയ്തുലയട്ടെ
മുസ്ലീമിൻ പേരിലുണ്ട് ചുവരെഴുത്തുകൾ

നായരുടെ പാണരുടെ നമ്പൂതിരിമാരുടെ
നാനാവിധമായ ചുവരെഴുത്തുകൾ
ഈഴവൻെറ ചെറുമൻെറ ധീവരൻെറ പറയൻെറ
ഈററതെറിച്ചുയരുന്ന ചുവരെഴുത്തുകൾ!

ഒന്നു നിൽക്കുവിൻ—
ഇതൊന്നു കേൾക്കുവിൻ
ഈ—മണ്ണിലെന്നും പാടുപെട്ടു
ജീവിതങ്ങൾ നേടുവാനായ്
എന്നുമെന്നും പൊരുതുന്നോർ സോദരരല്ലേ
ഈ—മണ്ണിൻെറ മക്കളുടെ ചോരയൊന്നല്ലേ
കണ്ണീരിൽ കുതിരുന്ന ജീവിതമല്ലേ

മർത്ത്യനൊരേ മതം മാത്രം-
മർത്ത്യനൊരേ ജാതിമാത്രം
നിത്യമായ സത്യം ഗുരുദേവ മഹത്വം
ആ മഹത്വ മുറവെട്ടത്ത-
ധന്യ ചരിതയായൊരീ-
ഭൂമി പാപ പങ്കിലമായ് തീർന്നല്ലോ!
ജാതിമത മാത്സര്യമാർന്നല്ലോ....

തോളോട്ട തോൾചേർന്ന
സ്നേഹാഭിരാമമായ
വീഥിയിലൂടെ വരൂ സോദരന്മാരെ!
മാവേലി നാട്ടതന്ന മധുരക്കിനാക്കളുമായ്
മാനവരൊന്നാകും നാട്ടപിടിക്കാം
ചോരയിലും വിയർപ്പിലും
കാരുണ്യത്തെളിമയിലും
കേരളത്തിൽ വസന്തത്തിൻ
തേരു തെളിക്കാം

ഹൈന്ദവരേ ക്രൈസ്തവരേ!
മുസ്ലീം സഹോദരരേ!
ഇന്ത്യയിലീയിന്ത്യയിൽ നാം
ബന്ധു ജനങ്ങൾ
തൊഴിലെടുത്തു പുലരുന്നോർ
പുലരികണ്ണിൽ പൂവിടുന്നോർ
നിരനിരയായ് വരിവരിയായ്
നീങ്ങുകയായി

ചുവരെഴുത്തുകൾ പുത്തൻ ചുവരെഴുത്തുകൾ
മഴവില്ലിൻ നിറമാന്ന ചുവരെഴുത്തുകൾ
മണിവീണപ്പാട്ടുകളാം ചുവരെഴുത്തുകൾ

കുടിലതകൾ ഭിന്നതകൾ
അവമതികൾ ത്തുതെറിയും
പടയണികൾ മുന്നേറും ചുവരെഴുത്തുകൾ
മനുജരൊരു മാതാവിൻ
തനയന്മാരെന്നോതും
മധുരാക്ഷര മുണരുന്ന
ചുവരെഴുത്തുകൾ

ചുവരെഴുത്തുകൾ പുത്തൻ ചുവരെഴുത്തുകൾ
മഴവില്ലിൻ നിറമാന്ന ചുവരെഴുത്തുകൾ
മണിവീണപ്പാട്ടുകളാം ചുവരെഴുത്തുകൾ

*

ഒരു നാടൻപാട്ട്
*

കന്നിമാസം കണ്ണുതൊറന്നേയ്
കൊളവരമ്പിൽ കററനെരന്നേയ്
കണ്ണൻമീന് കണ്ടങ്ങളിൽ തുള്ളിച്ചാട്ടന്നേയ്
കള്ളവാങ്ങാൻ കയ്യിലിത്തിരി കാശ്കെടച്ചേയ്......

—കന്നിമാസ.

വല്ലികിട്ടിയ നെല്ല് കണ്ട് കരള് നെറഞ്ഞേയ്
കല്ലമാല വേണമെന്ന് കാളി പറഞ്ഞേയ്
മാലപോര ശേല മതി ഞാന് പറഞ്ഞേയ്
മാളികേലെ തമ്പ്രാട്ടിൻെറ ശേലിലാവണേയ്

—കന്നിമാസം

* രചയിതാവ് എഴുതിയ 'ഒരേവഴ്ം ഒരേമാഴ്ം' എന്ന നാടക ത്തിന്നുവേണ്ടി പാലക്കാട്ടെ നാടൻശൈലിയിൽ രചിച്ച ഗാനം

ചോരവററി നീരുവററി പണിയെടുത്താല്
ശോറുവെക്കാനരിയില്ല മിഥുനമാസത്തീ
നങ്ങളെല്ലാം നാളെമേലാ പൂമിയുണ്ടാക്കും
തമ്പ്രാന്മാരില്ലാത്തൊരു ലോകമുണ്ടാക്കും.

—കന്നിമാസം

*

സൂര്യോദയമേ !

*

സൂര്യോദയമേ ! പ്രകാശമേ !
നീലാകാശമേ....താരകമേ....
താഴെ താഴെ പൂഴിമണ്ണിൽ
ഇരവും പകലും തെളിയുന്ന മണ്ണിൽ
തളിരും മലരും വിരിയുന്ന മണ്ണിൽ
ഒരു ചാൺ വയറിനായ്
ഒരു പിടി ചോറിനായ്
ഇരതേടി തളരുന്നു നാം
തെരുവുകളിൽ
ഇരതേടി തളരുന്നു നാം

—സൂര്യോദയമേ !

സ്വപ്നങ്ങൾ കാണാത്ത രാവുകൾ—സുഖ—
ദുഃഖങ്ങളജ്ഞാത ഭാവങ്ങൾ
മർത്ത്യരായെണ്ണാത്ത മാടുകൾ-ചുററും
സത്യങ്ങൾ കാണാത്ത കണ്ണുകൾ

—സൂര്യോദയമേ !

* രചയിതാവിൻെറ 'പടയോട്ടം' എന്ന നാടകത്തിൽ യാചകരുടെ സംഘഗാനം

പതിനായിരത്തിന്റെ പടയും കൊടിയുമായ്
പകപൊന്തും കരളിലെ തീയുമായ്
പണവും പ്രതാപവും മുടിചൂടിവാഴുന്ന
മണിമേട തല്ലിത്തകർക്കുവാൻ
ഇടിമിന്നൽ പോലെന്നും
ഒരു പുലരിയിലിവിടെ വരും
ഇരതേടുന്നവർ നേടും
പുതിയൊരു ലോകം....

✻

* പടയണിപ്പാട്ട്   സംഘഗാനം

തങ്കമണി തങ്കമണി കൂരിരുട്ടിൻ കയങ്ങളിൽ
ചങ്കിടിച്ചു തകരുന്നോരാർത്ത നാദമേ!
സങ്കടത്തിൽ മൺകുടിലിൽ കണ്ണുനീരിൽ മുങ്ങിമുങ്ങി
പൊൺകൊടികൾ വിഭ്രാന്തിയിൽപ്പിടഞ്ഞിടുന്നു

—തങ്കമണി......

കാക്കിയിട്ട കശ്മലന്മാർ കാട്ടുചെന്നായ്ക്കളെപ്പോലെ
കാക്കമാംസമാക്കിയല്ലോ മർത്ത്യജന്മത്തെ
തോററുപായും ശത്രുനാടിൻ സേനകളെയെന്നപോലെ
തോക്കുചൂണ്ടി വിരട്ടിപോൽ നാട്ടുമക്കളെ
അമ്മയില്ലാപ്പെങ്ങളില്ലാത്തലിവില്ലാത്തസുരന്മാർ

* തങ്കമണി കീഴ്മാട്, കോങ്ങാട് സംഭവങ്ങൾ പ്രബുദ്ധ കേരളത്തിന്റെ മനസ്സാക്ഷിയെ മരവിപ്പിച്ചു.

ദുർമ്മദമായ് പുളക്കുന്ന ദുർഭരണമേ!
നാട്ടുനീളെ നീളമുള്ള നാവടിച്ചു നടക്കുന്ന
നാണമില്ലായ്മേ! നിർത്തുനിൻെറ വ്യായാമം
ചങ്ങലയിൽ തളക്കുവാൻ കാട്ടുനീതിയമർത്തുവാൻ
ഞങ്ങളിതാ വരികയായ് പാടുപെടുന്നോർ

—തങ്കമണി

യന്ത്രമായിക്കസേരയിലള്ളിയള്ളിയിരിക്കുന്ന
മന്ത്രി പുംഗവന്മാരോടൊന്നു ചൊല്ലട്ടെ
സ്വന്തമൊന്നുമില്ലാത്തവർ സംഘമാന്നുവരികയായ്
തന്ത്രമെല്ലാം തകർക്കുന്ന നാളടുക്കാറായ്
നാടുവിട്ട സായിപ്പിൻെറ നാണംകെട്ട പ്രേതമായി
നാടുവാണു മുടിക്കുന്ന നേതാക്കന്മാരേ!
മാനംകെട്ട മാതാവിൻെറ മാറിടത്തിൽ നിന്നുയരും
ആവിയേററു വെന്തു നിങ്ങൾ ചാമ്പലായ്ത്തീരും

—തങ്കമണി

ലോകമാകെ പുകഴുംവെന്ന പൂവിടർന്ന മലനാടി—
ന്നീവിധത്തിൽ വസ്ത്രാക്ഷേപവിവശയായി !
തലകുനിച്ചുവമതിച്ചുളിക്കുണ്ടിലിരിക്കുന്നു
കരകേററാൻ കടപ്പെട്ടോരട്ടഹസിപ്പൂ !
നിരായുധരായ നിസ്വമനുഷ്യരെയൊരു രാവിൽ
കിരാതമായാക്രമിച്ച പരാക്രമമേ !
വെടിവെച്ചു കൊന്നവൻെറ കുടുംബത്തെക്കൂടി നിങ്ങൾ
പിടികൂടിക്കൊല്ലാതെന്തു വിട്ടേച്ചു പോന്നു

—തങ്കമണി

തെളിവുണ്ടോ തെളിവുണ്ടോ ചോദിക്കുന്നു തലസ്ഥുള്ളിൽ
വെളിവുണ്ടോ മറുചോദ്യം ഹൃദയമുണ്ടോ?
കരുണയെന്നുള്ള പദമനർത്ഥമാം പരിണാമം
ഭരണസാരഥ്യ മന്ധ ബധിരമായി

സിരകളിൽ ചുടുചോരച്ചുണയുള്ള സഹജരേ !
കുടിലതയ്ക്കെതിരായി കൂട്ടുചേരുവിൻ
അമ്മയുടെ പെങ്ങളുടെ പെററുവീണ ഭൂമിയുടെ
ഉണ്മയുടെ വായമൂടിക്കെട്ടുമീധാർഷ്ട്യം
തരിമ്പും നാം സഹിയ്ക്കില്ല തടുത്തുനിർത്തുവിൻ, ചോര—
ഞരമ്പുകളമ്പുകളായ് മൂർച്ച കൂട്ടുവിൻ

—തങ്കമണി

*

ഒരു മാർച്ചിങ്ങ് സോങ്ങ്

*

വരൂ വരൂ സഖാക്കളെ, വിശാല വിശ്വ വീക്ഷണം
വിടൎന്നുലഞ്ഞു പാറുമി, പ്പതാക കയ്യിലേന്തിടാം
പാട്ടുപെട്ടു വേല ചെയ്തു നാളുനീക്കിടുന്നവർ
പാരിലൊററ വർഗ്ഗമെന്ന പാട്ടുപാടി നീങ്ങിടാം
അനേക രക്തസാക്ഷികൾ വിശന്ന മർത്ത്യരാശികൾ
അനീതിയെ ചെറുക്കുവാൻ സ്വജീവിതങ്ങൾ നല്കിയോർ
ജീവരക്ത മേകിയേകി ചെന്നിറം കലൎന്നതായ്
ഭാവിലോക സ്വപ്നമായ് വിടൎന്നു പാറുമിക്കൊടി

.....വരൂ വരൂ

ചോര കൊണ്ടു പാരിടത്തിൽ ചരിതമെഴുതി വന്നവർ
ക്രൂരപീഡനങ്ങൾ തൻകുരിശുമായി വന്നവർ
കാരിരുമ്പു കോട്ടകൾ കടന്നു ചാടി വന്നവർ
നേരു ചൊല്ലി നെഞ്ചുനീർത്തി മുന്നിലൂടെ പോയവർ
ജീവരക്ത മേകിയേകി ചെന്നിറം കലൎന്നതായ്
ഭാവിലോക സ്വപ്നമായ് വിടൎന്നുപാറുമക്കൊടി

......വരൂ വരൂ

എത്ര യെത്ര മത്സരങ്ങൾ ചൂഷണങ്ങൾ കണ്ടു നാം
ശക്തരായി സംഘടിച്ചു സംഘടിച്ചു പോകവെ.
കുത്തുവാക്കുചൊല്ലി, പണ്ടു ചത്തുപോയ ജാതി ചൊല്ലി
ഒത്തുചേർന്ന നമ്മെ, യിന്നകററുവാൻ ശ്രമിക്കയായ്

...വരു...വരു

പഞ്ചതാര ഹോട്ടലിൽ പുളിച്ച നഗ്നനൃത്തവും
കഞ്ഞിവെള്ളം തേടിയെങ്ങുമോടിടുന്ന ജന്മവും
തുണ്ടു ശീലയാൽ നാണം മൂടിടുന്ന സ്ത്രീത്വവും
തെണ്ടി വന്ന ജാഥകൾ നിരന്നിടുന്ന ഗ്രാമവും

കൊച്ചു നാളുതൊട്ടു പാടുപെട്ടിടുന്ന ശൈശവം
ഉച്ചവെയ്‌ലിൽ ജോലി തേടി വാടി വീണ യൌവ്വനം
അപ്പുറത്തു വില്പനയ്ക്കു വെച്ചിടുന്ന ഡിഗ്രികൾ
മൊത്തമായി ലേലമാണു നൂറു നൂറു ജോലികൾ
ഗംഗയാറൊഴുകിടുന്ന പുണ്യചരിത ഭൂമിയിൽ
ഭംഗിയിൽ തെളിഞ്ഞിടുന്ന രംഗമാണു കാണുവിൽ

...വരു...വരു

മതങ്ങളെത്ര, ജാതിയെത്ര എത്ര എത്ര ദേവരും
മനുഷ്യരെ പകുത്തെടുത്തു പങ്കുവെച്ച മണ്ണിതിൽ
പോയ കാല പുണ്യമോതി നാലുവർണ്ണ ധർമ്മ മോതി
പേയിളക്കി സോദരരെ ചാമ്പലാക്കും മണ്ണിതിൽ

സഖാക്കളെ, നമുക്കു ചുററു മെത്ര യെത്ര കന്മതിൽ
കറുത്തിരുണ്ടു വന്നതിന്നു കാണുവാൻ മടിക്കൊലാ
പത്തുപേർക്കു തിന്നുവാൻ തകർക്കുവാൻ മുടിക്കുവാൻ
ഇദ്ധരിത്രി നൽകിടില്ല നൽകിടില്ല നമ്മളും

...വരു...വരു

*

എഴുതാനായി സ്വർണ്ണക്കസേരകളിൽ
ഇരുത്തപ്പെട്ടവർ,
അവരുടെ കുപ്പായം തുന്നിയവരാൽ
ചോദ്യം ചെയ്യപ്പെടും !
ആ പുസ്തകങ്ങൾ പരിശോധിക്കപ്പെടും !
അവയിലെ ഉദാത്തമായ
വിചിന്തനങ്ങൾക്കു വേണ്ടിയല്ല...
തുന്നക്കാരുടെ ജീവിതത്തെക്കുറിച്ചുള്ള
വല്ല സൂചനയുമുണ്ടോ എന്നറിയാൻ
. . . . . .
എളിയവർക്കും പോരാളികൾക്കുമിടയിൽ
അവർക്കുവേണ്ടി
വെറും തറയിലിരുന്ന് എഴുതിയവർ
പരസ്യമായി പ്രകീർത്തിക്കപ്പെടുന്ന
കാലം.
ആ കാലം വരിക തന്നെ ചെയ്യും

—ബെർതോൾട് ബ്രെഷ്റ്റ്